ത്തിന്റെ എഡിറ്റർ കൂടിയായ ഈ സാഹിത്യകാരന്റെ എഡിറ്റോറിയലുകൾ ശ്രദ്ധേയങ്ങളാണ്.

അമേരിക്കൻ നോവലിസ്റ്റുകളിൽ ഉയർന്നുവരുന്ന മറ്റൊരു പ്രതിഭാശാലിയായ സാഹിത്യകാരിയാണ് തെൽമാകിസാക്ക്. രജനിയിൽ പ്രസിദ്ധീകരിച്ച 'അപസ്വരങ്ങൾ' 1996-ലെ FOKANA സാഹിത്യമത്സരത്തിന്റെ നോവൽ വിഭാഗത്തിൽ രണ്ടാം സ്ഥാനം നേടി.

പറുദീസയിലെ യാത്രക്കാർ, ഗ്രീൻകാർഡ് തുടങ്ങിയ നോവലുകളുടെ കർത്താവായ എബ്രഹാം തെക്കേമുറി ഡാളസിൽ താമസിക്കുന്നു. കൈരളി മാസികയിലും കേരളനാദത്തിലും കൃതികൾ പ്രസിദ്ധീകരിച്ചുവരുന്നു.

'എന്റെ കുയിലിന്റെ മുട്ട വിരിഞ്ഞു,' 'ഹിപ്പികളുടെ നഗരിയിൽ ഒരു ജോനകത്തരുണി' 'കാക്കപ്പൊന്ന്' എന്നീ നോവലുകളുടെ കർത്താവാണ് മാത്യു വർഗീസ് ന്യൂയോർക്ക്. നോവലിസ്റ്റും ചെറുകഥാകൃത്തും നാടകകൃത്തുമാണ് എസ്.കെ. പിള്ളയെങ്കിലും ചെറുകഥകളിൽ എസ്.കെയുടെ പ്രതിഭ കൂടുതലായി വിളങ്ങി നില്ക്കുന്നു. 'ഭൂമിയിലെ പറുദീസ' 'ബന്ധങ്ങൾ ബന്ധനങ്ങൾ' എന്നീ കഥകൾ പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. അമേരിക്കൻ മലയാളി നോവലിസ്റ്റുകൾ പലരും പൈങ്കിളി സാഹിത്യത്തോട് അറിഞ്ഞോ അറിയാതെയോ കൂടുതൽ ആഭിമുഖ്യം പ്രദർശിപ്പിക്കുന്നു. ഗൗരവമുള്ള വിഷയങ്ങൾ, ഗൗരവപൂർവ്വം പുതിയ പുതിയ രീതികളിൽ അവതരിപ്പിക്കാൻ ബോധപൂർവ്വമായ ഒരു ശ്രമം നടത്തേണ്ടിയിരിക്കുന്നു. വളരെയേറെ മുന്നോട്ടുപോയിരിക്കുന്ന മലയാള നോവലിന്റെ വികാസങ്ങൾ പരിചയപ്പെടുവാൻ പലർക്കും ഇടകിട്ടാത്തതാവാം അതിനു കാരണം.

## ചെറുകഥ

"നോവലിസ്റ്റുകളേക്കാൾ കരുത്ത് ഇന്ന് കഥാകൃത്തുക്കൾക്കാണെന്ന എം. മുകുന്ദന്റെ അഭിപ്രായം ശ്രദ്ധിക്കുക. ചെറിയ ക്യാൻവാസിൽ അർത്ഥസമ്പുഷ്ടമായ ചിത്രം വരക്കുന്നവനാണ് നല്ല ചെറുകഥാകൃത്ത്. ഒരു നല്ല ചെറുകഥ എഴുതാൻ ഒരു ചിത്രകാരന്റെ ടെക്നോളജിയും ഭാവനയും കൈമുതലായി വേണം. തിരക്കു പിടിച്ച സാങ്കേതിക യുഗത്തിലെ സാഹിത്യാസ്വാദകന് നോവൽ പോലെ വിഭവസമൃദ്ധമായ സദ്യ ഇരുന്നു കഴിക്കാൻ പലപ്പോഴും സമയമനുവദിക്കാറില്ല. ഇവർക്കു വേണ്ടി സാഹിത്യകാരൻ ഒരുക്കുന്ന Fast food കൂടിയാണ് ചെറുകഥകൾ. നോവലിസ്റ്റുകൾ പലരും ചെറുകഥാകൃത്തുക്കളായി അവതരിക്കാറുണ്ടെങ്കിലും വിജയം നേടുന്നവർ ചുരുക്കം. ചെറുകഥക്ക് അത്യാവശ്യം വേണ്ടുന്ന ഘടനാപരമായ ഒതുക്കം പാലിക്കാൻ നോവലിസ്റ്റായ ചെറുകഥാകാരന് പലപ്പോഴും സാധിക്കുന്നില്ല. നോവലിസ്റ്റുകളല്ലാത്ത കഥാകൃത്തുക്കളാണ് ഈ രംഗത്തു കൂടുതൽ ശ്രദ്ധേയർ.